/

**പതിമൂന്നാം കേരള നിയമസഭ**
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3991 | 31.01.2014 ൽ മറുപടിക്ക്

**ആധാർ കാർഡ് രജിസ്ട്രേഷൻ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്ര ശതമാനം പേർ നാളിതുവരെ ആധാർ കാർഡിന് അപേക്ഷ നൽകി; | (എ) 95% ൽ കൂടുതൽ പേർ സ്റ്റേറ്റ് രജിസ്ട്രാർ വഴി ഇതുവരെ ആധാറിനായി രജിസ്റ്റർ ചെയ്തു. ഇതിൽ കുറച്ചു പേർ ഒന്നിൽ കൂടുതൽ തവണ രജിസ്റ്റർ ചെയ്തവരാണ്. |
| (ബി) ആധാർ വിവിധ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തശേഷം നാളിതുവരെ ലഭിക്കാത്തവർക്ക് ആയത് ലഭിക്കാൻ അപേക്ഷകർ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടതെന്നും അതിനായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) ആധാർ ലഭിക്കുന്നത് തീർത്തും ഒരു കമ്പ്യൂട്ടർ അധിഷ്ഠിത പ്രക്രിയയാണ്. ആധാർ നമ്പർ അനുവദിച്ചു കഴിഞ്ഞും ആധാർ ലെറ്റർ തപാലിൽ ലഭിക്കാത്തവർക്ക് അടുത്തുള്ള അക്ഷയ സെന്ററിൽ നിന്നോ, ഐ.ടി മിഷൻ ലഭ്യമാക്കിയിട്ടുള്ള ആധാർ ടോൾ ഫ്രീ നമ്പർ വഴിയോ (180042511800) എൻറോൾമെന്റ് നമ്പർ നൽകിയാൽ സ്ഥിതി വിവരങ്ങൾ മനസ്സിലാക്കാം. കൂടാതെ ഓൺലൈനായി യു.ഐ.ഡി.എ.ഐ. വെബ് സൈറ്റ് വഴി എൻറോൾമെന്റ് നമ്പർ നല്കിയാൽ ഇപ്പോഴത്തെ സ്ഥിതി വിവരം അറിയാൻ സാധിക്കും. സ്ഥിതി വിവരം പരിശോധിക്കുമ്പോൾ വീണ്ടും എൻറോൾ ചെയ്യാൻ നിർദ്ദേശിക്കുന്നുവെങ്കിൽ അടുത്തുള്ള ആധാർ എൻറോൾമെന്റ് സെൻററിൽ പോയി വീണ്ടും എൻറോൾ ചെയ്യേണ്ടതാണ്. ആധാറുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് കേരള സ്റ്റേറ്റ് ഐ.ടി മിഷനിലെ യു.ഐ.ഡി വിഭാഗം ഉദ്യോഗസ്ഥരെ സമീപിക്കാവുന്നതാണ്. |
| (സി) രജിസ്റ്റർ ചെയ്തശേഷം നിശ്ചിത കാല പരിധിക്കുള്ളിൽ ആധാർ കാർഡ് നൽകാത്തത് സംബന്ധിച്ച് നാളിതു വരെ എത്ര പരാതികൾ ലഭ്യമായിട്ടുണ്ട്; പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും; വിശദ മാക്കുമോ; | സി) സിറ്റിസൺ കോൾ സെൻററിലെ ടോൾ ഫ്രീ നമ്പർ വഴിയും ഇ-മെയിൽ വഴിയും പരാതികൾ ലഭിക്കുന്നുണ്ട്. ഇവ മേൽ നടപടികൾക്കായി യു.ഐ.ഡി.എ.ഐ. യിലേക്ക് അയച്ചു കൊടുക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ആധാർ പദ്ധതിയെ ശക്തമായി അനുകൂലിച്ച് സംസ്ഥാന സർക്കാർ 12.1.2014-ന് സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകാൻ തീരുമാനിച്ചിരുന്നോ; വിശദമാക്കുമോ; | (ഡി) & (ഇ) | ആധാറുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ സത്യവാങ്മൂലം നല്കാനായി ഒരു കാര്യ വിവരണ പത്രിക തയ്യാറാക്കി 7.12.2013 ൽ അഡ്വക്കേറ്റ് ജനറലിന് അയച്ചു കൊടുത്തിട്ടുണ്ട്. പ്രസ്തുത പത്രിക സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടില്ല. സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ആധാർ നിർബന്ധമാക്കേണ്ടതില്ല എന്നതാണ് സർക്കാർ നിലപാട്. നിയമ വകുപ്പിന്റെ അഭിപ്രായം തേടിയതിന് ശേഷം കാര്യ വിവരണ പത്രിക അഡ്വക്കേറ്റ് ജനറലിന് അയച്ചു കൊടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |
| (ഇ) | ഇല്ലായെങ്കിൽ സംസ്ഥാന സർക്കാർ അറിയാതെ ഇതിന് പിന്നിൽ പ്രവർത്തിച്ച വിവര സാങ്കേതിക വകുപ്പ് ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ